പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1159 20-1-2014 ൽ മറുപടിക്ക്

## ടെക്സ്റ്റ് ബുക്ക് ഡിപ്പോകളിലെ ജീവനക്കാരുടെ പുനർവിന്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ തലത്തിലുള്ള ടെക്സ്റ്റ് ബുക്ക് ഡിപ്പോകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ഏതെല്ലാം ഓഫീസുകളിലേക്കും വകുപ്പുകളിലേക്കുമാണ് പുനർവിന്യസിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 25/9/13 ലെ സ.ഉ.(കൈ)നമ്പർ 257/13/പൊ.വി.വ പ്രകാരം ടെക്സ്റ്റ് ബുക്ക് ഡിപ്പോയിലെ തസ്തികകൾ, ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങി, ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിലേക്കും; 16/11/13 ലെ സ.ഉ. (കൈ) നമ്പർ 297/13/പൊ.വി.വ പ്രകാരം പുതിയതായി ആരംഭിച്ച മൂന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളായ മണ്ണാർക്കാട്, തിരൂരങ്ങാടി, തളിപ്പറമ്പ് എന്നിവിടങ്ങളിലേയ്ക്കും പുനർവിന്യസിക്കുകയുണ്ടായി. |
| (ബി) | ഇത്തരത്തിൽ പുനർവിന്യസിക്കുന്ന ജീവനക്കാർക്ക് മാതൃവകുപ്പിലേക്ക് തിരിച്ചുവരുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഹയർ സെക്കന്ററി വകുപ്പിലേക്ക് തസ്തികകൾ പുനർവിന്യസിച്ചതിനാൽ മാതൃവകുപ്പിലേക്ക് തിരിച്ചെടുക്കുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ